ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 18.12.2024**

## പ്രധാനവാർത്തകൾ

1. ഭരണ - പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഉച്ചക്ക് രണ്ടു മണി വരെ നിർത്തി വച്ചു.

2. ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ ഇളവുകൾ പരിഗണിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ച് കേരള ഹൈക്കോടതി.

3. അന്താരാഷ്ട്ര പ്രവാസി ദിനാചരണത്തിന് കോഴിക്കോട് തുടക്കമായി; പ്രവാസികളുമായി ബന്ധപ്പെട്ട നിയമനിർമാണം സർക്കാരിന്റെ പരിഗണനയിലെന്ന് മന്ത്രി വി. അബ്ദുറഹിമാൻ.

4. ആലപ്പുഴയിൽ ഗുരുതര വൈകല്യങ്ങളുമായി ജനിച്ച കുഞ്ഞിന് എല്ലാ സംരക്ഷണവും സർക്കാർ ഉറപ്പു വരുത്തുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

5. ഇന്ത്യൻ ഓഫ്സ്പിന്നർ രവിചന്ദ്ര അശ്വിൻ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.

RNU TVPM

****************************************************

## പാർലമെന്റിൽ ബഹളം

ശീതകാല സമ്മേളനം തുടരുന്ന പാർലമെന്റിൽ ഇന്നും ഭരണ - പ്രതിപക്ഷ ബഹളം. ഇന്ന് രാവിലെ സമ്മേളനം ആരംഭിച്ചത് മുതൽ പ്രതിഷേധം രൂക്ഷമായതോടെ രാജ്യസഭയും ലോക്സഭയും ഉച്ചക്ക് രണ്ടു മണി വരെ നിർത്തി വച്ചു.

***********************************

## ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ വിപുലമായ കൂടിയാലോചനകൾക്കായി സംയുക്ത പാർലമെന്ററി സമിതിക്ക് വിടാൻ തയ്യാറെന്ന് കേന്ദ്രസർക്കാർ. എല്ലാ തലത്തിലും വിശദമായി ചർച്ച ആവശ്യമായതിനാൽ ബിൽ ജെപിസിക്ക് അയക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നിർദ്ദേശിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയെ അറിയിച്ചിരുന്നു. രാജ്യത്ത് ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താൻ ലക്ഷ്യമിട്ടുള്ളതാണ് ബില്ലുകൾ.

RNU TVPM

***********************************

## വയനാട് പുനരധിവാസം - ഹൈക്കോടതി

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ അടിയന്തരമായി ഉപയോഗിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ച് കേരള ഹൈക്കോടതി. ഇത് സംബന്ധിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിക്ക് കത്ത് നൽകാൻ സംസ്ഥാനത്തോടും നിർദ്ദേശിച്ചു. 2025 ജനുവരി 10നകം കേന്ദ്രസർക്കാർ മറുപടി നൽകണം. പുതുവത്സരവുമായി ബന്ധപ്പെട്ട് വയനാട്ടിൽ നടക്കാനിരിക്കുന്ന സൺ ബേൺ മ്യൂസിക് ഫെസ്റ്റിവലിൻ്റെ ഭാഗമായി ആളുകൾ

എത്തുന്നത് സംബന്ധിച്ച വിവരം നാളെ ഹൈക്കോടതിയ്ക്ക് കൈമാറണമെന്നും സംസ്ഥാനത്തോട് നിർദേശിച്ചിട്ടുണ്ട്.

*************************************

## പ്രവാസി ദിനാചരണം......... ഇൻട്രോ

പ്രവാസികളുമായി ബന്ധപ്പെട്ട നിയമനിർമാണം സർക്കാരിന്റെ പരിഗണനയിലാണെന്നും വൈകാതെ നിയമസഭയിൽ അവതരിപ്പിക്കുമെന്നും മന്ത്രി വി. അബ്ദുറഹിമാൻ. നോർക്ക റൂട്ട്സ് ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രവാസികൾ വലിയപങ്കു വഹിക്കുന്നതായും കാര്യക്ഷമമായ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കാൻ പ്രവാസികൾ മുന്നോട്ട് വരണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

(വോയിസ്)

RNU TVPM

ചടങ്ങിൽ നോർക്ക റൂട്ട്സ് ചെയർമാൻ ശ്രീരാമകൃഷ്ണൻ, അഹമ്മദ് ദേവർകോവിൽ എം എൽ എ , നോർക്ക സെക്രട്ടറി കെ. വാസുകി, നോർക്ക പദ്ധതി ഗുണഭോക്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

*************************************

## വീണാ ജോർജ് - ആയുഷ്

സംസ്ഥാനത്തെ 24 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ 14.05 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇന്ന് തുടക്കം. തിരുവനന്തപുരം കോട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയിൽ മന്ത്രി വീണാ ജോർജ് ആണ് പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുന്നത്.

*************************************

## വീണാ ജോർജ് - പേരൂർക്കട ആശുപത്രി

തിരുവനന്തപുരം പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് ഇന്ന് നിർവഹിച്ചു. ലക്ഷ്യ മാനദണ്ഡ പ്രകാരം സജ്ജമാക്കിയ ലേബർ റൂം കോംപ്ലക്സ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, പാലിയേറ്റീവ് കെയർ വാർഡ്, നവീകരിച്ച ഒ.പി. വിഭാഗം, ആധുനിക അത്യാഹിത വിഭാഗം തുടങ്ങിയവയാണ് ആശുപത്രിയിൽ പുതുതായി സജ്ജമാക്കിയത്.

*************************************

## കണ്ണൂർ ഐ.എൻ.ടി ആശുപത്രി

സംസ്ഥാന സർക്കാരിൻറെ നിയന്ത്രണത്തിലുള്ള ആദ്യത്തെ ആയുർവേദ ഐ ആൻറ് ENT ആശുപത്രിയുടെ തറക്കല്ലിടൽ ആരോഗ്യമന്ത്രി ഇന്ന് കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിൽ നിർവഹിക്കും. ദേശീയ ആയുഷ് മിഷൻറെ രണ്ടരക്കോടി രൂപയോളം ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡിനാണ് നിർമ്മാണ ചുമതല.

RNU TVPM

*************************************

## കെഎസ്എഫ്ഇ

സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ KSFE സംസ്ഥാന സർക്കാരിന് ലാഭവിഹിതമായ 35 കോടി രൂപ നൽകി. ധനമന്ത്രി കെ എൻ ബാലഗോപാലിന് കമ്പനി ചെയർമാൻ കെ വരദരാജൻ ചെക്ക് കൈമാറി. 2023--24 സാമ്പത്തിക വർഷത്തിലെ ലാഭവിഹിതമാണ് കൈമാറിയത്.

**************************************************

## എം എം ലോറൻസ് - ഹൈക്കോടതി

സിപിഐ എം നേതാവായിരുന്ന എം എം ലോറൻസിന്റെ മൃതദേഹം എറണാകുളം ഗവ. മെഡിക്കൽ കോളേജിന് ദാനം ചെയ്തത് ശരിവച്ച സിംഗിൾ ബെഞ്ച് വിധിക്കെതിരെ മകൾ നൽകിയ അപ്പീൽ ഹൈക്കോടതി തള്ളി. ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ, ജസ്റ്റിസ് എസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്. കേരള അനാട്ടമി നിയമത്തിലെ വ്യവസ്ഥ പ്രകാരമാണ് മൃതദേഹം ദാനം ചെയ്തതെന്ന് നേരത്തെ സിംഗിൾ ബെഞ്ച് ചൂണ്ടിക്കാട്ടിയിരുന്നു.

**************************************************

PNUTVPM

## വീണാ ജോർജ്-സംരക്ഷണം

ആലപ്പുഴയിൽ ഗുരുതര വൈകല്യങ്ങളുമായി ജനിച്ച കുഞ്ഞിന് വേണ്ട എല്ലാ സംരക്ഷണവും സർക്കാർ തുടരുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. കുഞ്ഞിൻറെ ചികിത്സക്കായി കുടുംബത്തിൻറെ പക്കൽനിന്ന് മെഡിക്കൽ കോളേജ് പണം ഈടാക്കിയെന്ന പരാതി പരിശോധിച്ച് നടപടിയെടുക്കുമെന്നും ആരോഗ്യമന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

**************************************************

## ഐ എഫ് എഫ് കെ......... ഇൻട്രോ

കേരള രാജ്യാന്തര ചലച്ചിത്ര മേള ആറാം ദിനത്തിലേക്ക് കടന്നു. ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്ര മേളകളിൽ പ്രേക്ഷക പ്രശംസയും പുരസ്കാരങ്ങളും നേടിയ ഏഴു ചിത്രങ്ങൾ ഇന്ന് പ്രദർശിപ്പിക്കും. ചലച്ചിത്രമേളയുടെ എല്ലാ പ്രദർശനങ്ങളിലും മികച്ച പ്രേക്ഷക പങ്കാളിത്തമാണുണ്ടാകുന്നത്. മലയാള സിനിമയുടെ മൂല്യം എടുത്തുകാട്ടാൻ ചലച്ചിത്ര മേളയിലൂടെ സാധിക്കുന്നതായി

ചലച്ചിത്ര പ്രവർത്തക ബീനാ പോൾ ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്...)

***************************************

## രവിചന്ദ്ര അശ്വിൻ

ഇന്ത്യൻ ക്രിക്കറ്റിൽ സ്പിൻ ബൗളിങ്ങിന്റെ കുന്തമുനയായ രവിചന്ദ്ര അശ്വിൻ അന്താരാഷ്ട്ര മത്സരങ്ങളിൽനിന്ന് വിരമിച്ചു. ഓസ്ട്രേലിയക്കെതിരായ ബ്രിസ്ബെയ്ൻ ടെസ്റ്റിന്റെ അവസാന ദിവസമാണ് അശ്വിന്റെ അപ്രതീക്ഷിത പ്രഖ്യാപനം. 2010 ജൂണിലാണ് അദ്ദേഹം അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ചത്. ടെസ്റ്റ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ തവണ മാൻ ഓഫ് ദ സീരീസ് നേടിയ താരമാണ് 11 തവണ ഈ നേട്ടം കൈവരിച്ച അശ്വിൻ. 106 ടെസ്റ്റിൽ 537 വിക്കറ്റും, 116 ഏകദിനത്തിൽ 156 വിക്കറ്റും, 65 ടി ട്വന്റി മത്സരങ്ങളിൽ 72 വിക്കറ്റും ഈ ഓഫ്സ്പിന്നർ നേടിയിട്ടുണ്ട്. ടെസ്റ്റിൽ ആറ് സെഞ്ച്വറികളും സ്വന്തമാക്കി.

RNU TVPM

***************************************

## കുടുംബശ്രീ - നയി ചേതന ക്യാമ്പയിൻ

കുടുംബശ്രീ 'നയി ചേതന' ദേശീയതല കാമ്പയിനിൻറെ സമാപനത്തോടനുബന്ധിച്ച് ഈ മാസം 23 ന് സംസ്ഥാനത്തെ കുടുംബശ്രീ സി.ഡി.എസുകളിൽ ജെൻഡർ കാർണിവൽ സംഘടിപ്പിക്കും. സ്ത്രീധനവും സ്ത്രീകളുടെ സ്വത്തവകാശവും എന്ന വിഷയത്തിൽ ഓപ്പൺ ഫോറവും വിവിധ പരിപാടികളും നടക്കും. ലിംഗവിവേചനത്തിനും ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കുമെതിരെയുള്ള പോരാട്ടം എന്ന പ്രമേയത്തിലൂന്നിയാണ് ഇത്തവണ നയി ചേതന ക്യാമ്പയിൻ സംഘടിപ്പിച്ചത്.

*******************************************

## ശബരിമല..... ഇൻട്രോ

കാനനപാതയിലൂടെ കാൽനടയായി ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകർക്ക് ഇന്നു മുതൽ പ്രത്യേക വരിയിലൂടെ ദർശനം സാധ്യമാകും. ഏറെ നാളുകളായുള്ള തീർഥാടകരുടെ ആവശ്യമാണ് പരിഗണിക്കപ്പെട്ടത്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ..........**

(വോയ്സ്)

*******************************************

## പുതുച്ചേരി ശുചീകരണ യജ്ഞം

പുതുച്ചേരിയുടെ ഭാഗമായ മാഹിയെ സുന്ദരമാക്കി മാറ്റണമെന്ന് ലെഫ്റ്റനന്റ് ഗവർണർ കൈലാഷ് നാഥൻ. മാഹിയിൽ മെഗാ ശുചീകരണ യജ്ഞം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ, മത്സ്യത്തൊഴിലാളികൾ, പ്രദേശവാസികൾ, സന്നദ്ധപ്രവർത്തകർ എന്നിവർ ചേർന്ന് രണ്ട് കിലോമീറ്ററോളം കടൽത്തീരം ശുചീകരിച്ചു.

RNUTVPM

*******************************************

## പാളയം പാർക്കിംഗ്

തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിന് പുറകിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിർമിച്ച പാർക്കിംഗ് സമുച്ചയത്തിൽ നാളെ മുതൽ പാർക്കിംഗ് ആരംഭിക്കും. 302 കാറുകൾക്കും 200 ഇരുചക്രവാഹനങ്ങൾക്കുമുള്ള പാർക്കിംഗ് സൗകര്യം ഇവിടെ ലഭ്യമാണ്.

******************************************

## നഴ്സിംഗ് വിദ്യാർത്ഥി - മരണം

ഇന്നലെ മരിച്ച നിലയിൽ കണ്ടെത്തിയ കോഴിക്കോട് മെഡിക്കൽ കോളേജ് നഴ്സിംഗ് വിദ്യാർഥിനിയുടെ പോസ്റ്റ്മോർട്ടം നടപടികൾ ഇന്ന് നടക്കും. കോട്ടയം സ്വദേശിനി ലക്ഷ്മിയെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവത്തിൽ കോഴിക്കോട് മെഡിക്കൽ കോളെജ് പോലീസ് കേസെടുത്തിട്ടുണ്ട്.

******************************************

## അഡ്വ. ഡീൻ കുര്യാക്കോസ്

സി.എച്ച്.ആർ വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവുമായി കൂടിക്കാഴ്ച നടത്തി ഇടുക്കിയിലെ വ്യാപാരി- കർഷക സംഘടനാ നേതാക്കൾ. ഡീൻ കുര്യാക്കോസ് എം.പിയുടെ നേതൃത്വത്തിലായിരുന്നു സന്ദർശനം. വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ട് തയ്യാറാക്കിയ നിവേദനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് കൈമാറി.

PNU TVPM

**********************************************************************************************
******************************************